ഭരണഭാഷ - മാതൃഭാഷ

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ആരോഗ്യഭവൻ, പി.ബി. നമ്പർ. 182
തിരുവനന്തപുരം. 695 001
Fax/Ph: 0471 2322620
Email: directorism@yahoo.com
തീയതി: 10-05-2023

**ഡി.ഐ.എസ്.എം. / 960/ 2023-ബി 1**

ഡയറക്ടർ
ഭാരതീയ ചികിത്സാ വകുപ്പ്
തിരുവനന്തപുരം

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
ഭാരതീയ ചികിത്സാ വകുപ്പ്

സർ,

വിഷയം : ഭാരതീയ ചികിത്സാ വകുപ്പ് - വാർഷിക പദ്ധതി 2023-24 പ്ലാൻ ജീവനക്കാരുടെ നിയമനം സംബന്ധിച്ച്

സൂചന : 1) സ.ഉ.(പി) നമ്പർ .56/2017/ധന തീയതി.28-04-2017
2) സ.ഉ.(പി) നമ്പർ .81/2019/ധന തീയതി.09-07-2019

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

വിവിധ പ്ലാൻ പദ്ധതികളുടെ നടത്തിപ്പിലേക്കായി 2022-23 സാമ്പത്തിക വർഷത്തിൽ ദിവസവേതന വ്യവസ്ഥയിൽ താത്ക്കാലികമായി ലഭ്യമാക്കിയ മാനവശേഷിയിൽ 82 പേർ 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്ത് പുതിയതായി നിയമനം ലഭിച്ച് 2023 മാർച്ച് മാസം വരെ തുടർന്നു വന്നവരായിരുന്നുവെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽ സൂചന സർക്കാർ ഉത്തരവ് 1, 2 പ്രകാരം 'വകുപ്പ് മേധാവിയ്ക്ക് ബോധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേക്കു കൂടി സേവനം ദീർഘിപ്പിച്ചു നൽകാവുന്നതാണ്" എന്ന് നിർദ്ദേശിച്ചിരിക്കുന്നു.

2022-23 സാമ്പത്തിക വർഷം പ്ലാൻ പദ്ധതികളുടെ നടത്തിപ്പിലേക്കായി താങ്കളുടെ ജില്ലയിൽ പുതിയതായി നിയമിച്ചതും, 2023 മാർച്ചിൽ വിവിധ പ്ലാൻ പദ്ധതിയിൽ ജോലി നോക്കിയിരുന്നതായി താങ്കൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമായ താത്ക്കാലിക ദിവസവേതന ജീവനക്കാരുടെ സേവനം മേൽ സൂചന 1, 2 എന്നിവയുടെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷം പദ്ധതി അവസാനിക്കുന്നതുവരെയോ മാറ്റൊരു ഉത്തരവുണ്ടാകുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിച്ചിരിക്കുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും സേവനം ദീർഘിപ്പിച്ചു നൽകുന്ന താത്ക്കാലിക ജീവനക്കാരുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. ടി ജീവനക്കാരിൽ നിന്നും പുതിയ സമ്മതപത്രം വാങ്ങി സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.

ഡയറക്ടർ
ഭാരതീയ ചികിത്സാവകുപ്പ്

ഭാരതീയ ചികിത്സാ വകുപ്പ്